# 3. അനുസരിച്ചാൽ ഗുണം

മാതാപിതാക്കളെ അനുസരിക്കേണ്ടവരാണ് മക്കൾ.
അത് ഗുണത്തിനാണ്. ഇല്ലെങ്കിലോ? അപ്പോൾ
നൗക്കിപ്പൂച്ചയുടെ ഗതി തന്നെയാകും നമുക്കും ഉണ്ടാവുക.

മൗസിപ്പൂച്ചക്ക് നാല് മക്കളുണ്ടായിരുന്നു. നല്ല ചന്തമുള്ള ഓമനകൾ. അവ പരസ്പരം കെട്ടിമറിഞ്ഞ് വികൃതി കളിക്കുന്നത് കാണാൻ നല്ല ഹരമായിരുന്നു. നാലും നല്ല മിടുക്കന്മാർ. കൂട്ടത്തിൽ ചെറിയവനായ നൗക്കി അല്പം വികൃതിയായിരുന്നു. വളരെ ഓമനിച്ചാണ് മൗസി അവരെ വളർത്തിയിരുന്നത്.

മൗസിയുടെ വീടിനടുത്ത് കാട്ടിൽ ഒരു കുറുക്കനുണ്ടായിരുന്നു. മൗസിയുടെ പൈതങ്ങളെ എങ്ങനെയെങ്കിലും തിന്നാനുള്ള കൊതിയുമായി നടക്കുകയായിരുന്നു കുറുക്കച്ചാർ. പക്ഷേ, എന്ത് ചെയ്യാൻ? മൗസിപ്പൂച്ച കുഞ്ഞുങ്ങളെ വിട്ട് എങ്ങും പോകാറുണ്ടായിരുന്നില്ല. അവളുടെ നഖത്തിൻെറ മൂർച്ചയോർത്താൽ അവിടേക്ക് പോകാനും കുറുക്കന് പേടിയായിരുന്നു.



ഒരു ദിവസം പുറത്തേക്ക് പോകാനൊരുങ്ങി മൗസിപ്പൂച്ച കുഞ്ഞുങ്ങളോട് പറഞ്ഞു: “മക്കളേ, അമ്മ പുറത്തേക്ക് പോവുകയാണ്. നിങ്ങൾ ഇവിടെ അടങ്ങിയൊതുങ്ങി ഇരിക്കണം. പുറത്തേക്കൊന്നും പോകരുത്. ആ കുറുക്കനെ ഞാനും നിങ്ങളെ കണ്ടാൽ എൻെറ പൊന്നുമക്കളെ അവൻ കൊന്നുതിന്നും. അതുകൊണ്ട് നിങ്ങൾ മച്ചിൻ പുറത്ത് കയറി ഉറങ്ങിക്കോളൂ. ആര് വിളിച്ചാലും വാതിൽ തുറക്കരുത്. ഞാൻ വന്ന് മൂന്നു തവണ വിളിക്കും. എൻെറ ശബ്ദം കേട്ടാൽ മാത്രം വാതിൽ തുറന്നാൽ മതി. നൗക്കി, നീ വികൃതിയൊന്നും ഒപ്പിക്കരുതേ. അമ്മ പെട്ടെന്നു വരും.” അവൾ മക്കളോട് പറഞ്ഞു.

നാല് പേരും സമ്മതിച്ചു. മൗസിപ്പൂച്ച പോയ ഉടനെ മക്കൾ വാതിലടച്ച് മച്ചിൻ പുറത്തേക്ക് കയറി.

മൗസി പോകുന്നത് കുറുക്കൻ അകലെ നിന്നും കണ്ടു. ഇതുതന്നെ തക്കം. അവളുടെ കുട്ടികൾ ഇപ്പോൾ വീട്ടുമുറ്റത്ത് കളിക്കുകയാകും. നാലിനെയും ഇന്ന് അകത്താക്കിയിട്ടു തന്നെ കാര്യം. അവൻ മൗസിയുടെ വീട്ടിലേക്ക് കുതിച്ചു.

മൗസിയുടെ വീടെത്തിയ കുറുക്കൻ പരിസരമെല്ലാം പരിശോധിച്ചു. ആരുമില്ല. കുട്ടികൾ അകത്തായിരിക്കും. ഇനിയെന്താ ചെയ്യുക? കുറുക്കൻ ആലോചിച്ചു. ഉം. പണിയുണ്ട്. മൗസിയുടെ ശബ്ദത്തിൽ വിളിക്കാം. മക്കൾ അമ്മയാണെന്നു കരുതി വാതിൽ തുറക്കും. ഉടനെ അവരെ പിടികൂടാം. ഏതായാലും ഇന്ന് സംഗതി ഒപ്പിച്ചിട്ടു തന്നെ കാര്യം.

കുറുക്കൻ വാതിലിനടുത്ത് വന്ന് മൗസിപ്പൂച്ചയുടെ ശബ്ദത്തിൽ മക്കളെ എന്നു വിളിച്ചു. അതുകേട്ട് നൗക്കി അമ്മ എന്നു പറഞ്ഞ് ചാടിയിറങ്ങാൻ തുനിഞ്ഞു. മൂതിർന്നവർ അവനെ വിലക്കിയിട്ടു പറഞ്ഞു. “അത് അമ്മയുടെ ശബ്ദമല്ല.” നൗക്കിയാകട്ടെ അത് അമ്മയാണെന്നു തീർത്തു പറഞ്ഞു.



കുറുക്കൻ വീണ്ടും അവരെ വിളിച്ചു. നൗക്കി വീണ്ടും ഇറങ്ങിയോടാൻ മുതിർന്നു. മുതിർന്നവൻ അവനെ തടഞ്ഞിട്ടു പറഞ്ഞു: “അമ്മ മൂന്ന് തവണ വിളിക്കും. അപ്പോൾ തുറന്നാൽ മതിയെന്നല്ലേ പറഞ്ഞത്? അത് അമ്മയല്ല. നമ്മെ അപായപ്പെടുത്താൻ ആ കുറുക്കൻ വന്നതാകും.”

പൂച്ചക്കുട്ടികളുടെ സംസാരം കുറുക്കൻ കേൾക്കുന്നുണ്ടായിരുന്നു. അവൻ വാതിലിൽ മുട്ടിയിട്ടു പറഞ്ഞു: മക്കളേ, അമ്മ വന്നു. വേഗം വാതിൽ തുറക്കിൻ."

നൗക്കി ഉടനെ ഇറങ്ങിയോടി. മറ്റുള്ളവർ അവനെ തടഞ്ഞെങ്കിലും അവൻ നിന്നില്ല. അവൻ ഓടിച്ചെന്ന് വാതിൽ തുറന്നു.

ഒറ്റച്ചാട്ടം. കുറുക്കൻ നൗക്കിയെ പിടികൂടി. അവൻ കരഞ്ഞു ബഹളം വെച്ചു. അതുകണ്ട് മറ്റുള്ളവർ മച്ചിൻെറ പല ഭാഗങ്ങളിലായി ഒളിച്ചു.

"കരയല്ലെടാ മോനെ, എവിടെ നിൻെറ ചേട്ടന്മാരൊക്കെ ഒളിച്ചിരിക്കുന്നത്? ഇന്ന് എല്ലാവരെയും ഞാൻ കറുമുറെ തിന്നുന്നുണ്ട്." കുറുക്കൻ അകത്തേക്ക് കയറി.

കുറേ നേരം തിരഞ്ഞിട്ടും മറ്റു കുഞ്ഞുങ്ങളെ കാണാതായപ്പോൾ കുറുക്കൻ നൗക്കി യെയും കൊണ്ട് പുറത്തേക്കിറങ്ങി. പെട്ടെന്നാണ് മൗസിപ്പൂച്ച തിരിച്ചുവന്നത്. കുറുക്കൻ തൻെറ ഓമനയെയും കടിച്ചുകൊണ്ടുപോകുന്നതു കണ്ട തള്ളപ്പൂച്ചയുടെ നെഞ്ച് പൊട്ടി. അവൾ കുറുക്കൻെറ തലയിലേക്ക് ഒറ്റക്കുതിപ്പ്. മുഴുവൻ ശക്തിയുമെടുത്ത് അവൾ കുറുക്കൻെറ കണ്ണ് മാന്തിപ്പറിച്ചു. വേദനകൊണ്ട് പുളഞ്ഞ കുറുക്കൻ നൗക്കിയെ താഴെ യിട്ട് ഓടിമറഞ്ഞു.

നൗക്കിയുടെ എല്ലുകളൊക്കെ നുറുമ്പി അവൻ ചാവാറായിരുന്നു. മൗസി അവനെ തൂക്കിയെടുത്ത് വേഗം വീട്ടിനകത്തേക്ക് നടന്നു.

അമ്മയെ കണ്ട ബാക്കി മൂന്നുപേരും പുറത്തേക്ക് വന്നു. അവർ പേടിച്ചുവിറ ക്കുകയായിരുന്നു. അവർ നൗക്കിയെ കുറ്റപ്പെടുത്തി സംസാരിക്കാൻ തുടങ്ങി. മൗസി പറഞ്ഞു:

"ആരും ഒന്നും പറയേണ്ട. എന്തെങ്കിലും പറഞ്ഞാൽ അനുസരിക്കുന്നത് നിങ്ങൾക്ക് തന്നെയാണ് ഗുണം. അനുസരണക്കേട് കാണിച്ചാൽ അത് നിങ്ങൾക്ക് തന്നെയാണ് നാശം. ഇപ്പോൾ കണ്ടില്ലേ?"

*അനുസരണം ഒരു ഭാരമല്ല, നമ്മുടെ നന്മക്കുവേണ്ടിയുള്ളതാണത്. അനുസരണശീലമാണ് നല്ലവരുടെ അടയാളം.*